"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - ആലപ്പുഴ ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ചേർത്തല നഗരസഭയിലെ സ്വരത്രയം ചാണിവാരത്ത് റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്ത നിവാരണ (ബി) വകുപ്പ്**

G.O.(Rt)No.469/2025/DMD തീയതി,തിരുവനന്തപുരം, 08-07-2025

പരാമർശം:- 1. 11.07.2023 തീയതിയിലെ സ. ഉ. (സാധാ) നം 434/2023/ ഡി.എം.ഡി.

2. ആലപ്പുഴ ജില്ലാകളക്ടറുടെ 04.03.2025, 17.06.2025 എന്നീ തീയതികളിലെ DCALP/13536/2023-DMC1 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി പരാമർശ ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയിലെ സ്വരത്രയം ചാണിവാരത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് നിർവ്വഹണ അനുമതി നൽകിയെങ്കിലും പ്രവൃത്തി ആരും എടുത്തിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് ഉത്തരാവകണമെന്ന് ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്ന ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയിലെ സ്വരത്രയം ചാണിവാരത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഇനി ദീർഘിപ്പിച്ച് നൽകുന്നതല്ല എന്ന വ്യവസ്ഥയിൽ 30.08.2025 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ടി ഉത്തരവ് സ്വമേധയാ റദ്ദാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

POOJA LAL K A S

UNDER SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ& പി.ആർ.ഡി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB2/54/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 10-07-2025 10:17:15
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്